പ്രകാരം കേരളത്തിലെ കർഷകത്തൊഴിലാളികൾക്ക് കിട്ടാതിരിക്കുന്ന ഒരു പരിതഃസ്ഥിതിയാണ് ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഇത് മാറ്റിയെങ്കിൽ മാത്രമേ കർഷകത്തൊഴിലാളികൾക്ക് എന്തെങ്കിലും ഈ നിയമം കൊണ്ട് നമ്മുടെ സ്വസ്ഥാനത്ത് ഗുണമുണ്ടാകാൻ പോകുന്നുള്ളു. ഒരു ഹെക്ടർ എന്നുപറഞ്ഞാൽ ഇവിടെ ഭൂരിപക്ഷവും ചെറുകിട കർഷകരാണ്. അവരാണ് ഇന്ന് നമ്മുടെ സ സ്ഥാവത്ത കൂടുതലുള്ളത്. അവരുടെ കീഴിൽ പണിയെടുക്കുന്ന നാലും, അഞ്ചും, എട്ടും തൊഴിലാളികളെയൊക്കെ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയാൽ ഈ നിയമം ഒരു അനാവശ്യമായിത്തീരും. യാതൊരു അർത്ഥവുമില്ലാത്ത, തൊഴിലാളികൾക്ക് ഒരു ഗുണവും കിട്ടാത്ത ഒരു നിയമമായി മാറും.

സർ, പ്രധാനമായും മറ്റൊരു കാര്യം പറയാനുള്ളത് ഭൂമി വിൽക്കപ്പെടുന്ന അവസരത്തിലും, പ്രത്യേകിച്ച് ഗവൺമെന്റ് പദ്ധതിക്കു വേണ്ടി ഒഴിപ്പിക്കപ്പെടുന്ന അവസരത്തിലും ആ ഭൂമിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് യാതൊരു നഷ്ടപരിഹാരവും കൊടുക്കാൻ ഇന്ന് വ്യവസ്ഥയില്ല, യാതൊരു നഷ്ടപരിഹാരവും കൊടുക്കുന്നില്ല. അതിന് ഒരു ഉദാഹരണമാണ്, എറണാകുളത്ത് ഇരുമ്പനം എന്നുപറയുന്ന പ്രദേശത്ത് കേന്ദ്ര പെട്രോളിയം വകുപ്പ് വന്നിട്ട് മുന്നൂറോളം ഏക്കർ സ്ഥലം പദ്ധതിക്കുവേണ്ടി ഒഴിപ്പിക്കപ്പെട്ടു. അവിടെ ഒരു ഫാക്ടറി സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. ആ 300 ഏക്കർ നെൽക്കൃഷി പ്രദേശത്ത് നാനൂറിലധികം കർഷകത്തൊഴിലാളികൾ ഇന്ന് പണി എടുത്തുകൊണ്ടിരുന്നതാണ്. അവർക്ക് യാതൊരു ആനുകൂല്യവും കൊടുത്തിട്ടില്ല. അതുകൊണ്ട് അവർ സമരത്തിലാണ്. അങ്ങനെ പദ്ധതി ആവശ്യങ്ങൾക്കോ, വിൽക്കപ്പെടുന്ന അവസരത്തിലോ, അത്തരം ഭൂമികളിൽ സ്ഥിരമായി പണിയെടുത്തുകൊണ്ടിരുന്ന കർഷകത്തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്നതിനു, പിരിഞ്ഞുപോകേണ്ടിവരുന്നതിനു, നഷ്ടപരിഹാരം നൽകാൻ നിയമത്തിൽ വ്യവസ്ഥ വേണം— അതിനുള്ളതാണ്, എന്റെ ഈ ഭേദഗതി.

(2) 1985-ലെ കേരള പൊതു പ്രവർത്തകർ അഴിമതി നിരോധന (ഭേദഗതി) ബിൽ

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, കേരള പൊതുപ്രവർത്തകർ അഴിമതി നിരോധന ഭേദഗതി ബിൽ ഞാൻ ഈ സഭയിൽ അവതരിപ്പിച്ചതിനുശേഷം രണ്ടുതവണ മൂല നിയമപ്രകാരം സംഘടിപ്പിക്കപ്പെട്ട ട്രൈബ്യൂണലിന്റെ റിപ്പോർട്ട് ഈ ഗവൺമെന്റിന്റെ മുമ്പാകെ വരികയുണ്ടായി. ആദ്യം കിട്ടിയ റിപ്പോർട്ട് ഞങ്ങൾക്കെല്ലാം വരികയും ചെയ്തു. അതിനെ തുടർന്ന് ഇവിടത്തെ പ്രതിപക്ഷപാർട്ടികളുമായി മുഖ്യമന്ത്രി ഒരു വലിയ ചർച്ചയും നടത്തി. പല നിഗമനങ്ങളെല്ലാം എടുത്തുപറയുകയുണ്ടായി. രണ്ടാമത്തെ പൊതുപ്രവർത്തകർ ട്രൈബ്യൂണലിന്റെ റിപ്പോർട്ടും ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഈ രണ്ടു റിപ്പോർട്ടുകളിലും ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ മാത്രമാണ് ഇന്ന് ഈ ഭേദഗതി ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടുകൾ വരുന്നതിനു മുമ്പാണ് ഈ ഭേദഗതി ബിൽ ഞാൻ ഈ സഭയിൽ അവതരിപ്പിച്ചതെങ്കിലും, പരിശോധിച്ചു നോക്കിയാൽ രണ്ടു റിപ്പോർട്ടിലും പറഞ്ഞിട്ടുള്ള അതേ കാര്യങ്ങളാണ് എന്റെ ഭേദഗതി ബില്ലിലും ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് ഇനിയും മനസ്സിലായിട്ടില്ല. ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

തികച്ചും അപര്യാപ്തമാണ്, പ്രായോഗിക രംഗത്ത് ഈ നിയമത്തിന് പ്രസക്തിയില്ലാതായിത്തീർന്നിരിക്കുന്നു. ഇന്ന് ഈ നിയമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ട്രൈബ്യൂണൽ തന്നെ അസന്നിഗ്ദ്ധമായി ഈ സഭയിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. മാത്രമല്ല ഒരു കൊല്ലക്കാലമായി അവർക്കാകെ കിട്ടിയത് മൂന്ന് ഹർജിയാണെന്നും ആ മൂന്ന് ഹർജിയിലും കാര്യമായിട്ടൊന്നുമില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പിന്നെ ആകെക്കൂടി പൊതുജനശ്രദ്ധയെ ആകർഷിച്ചെന്ന് പറയാവുന്ന ഒരു സംഗതി മുൻ ഏകറെസസ് വകുപ്പുമന്ത്രി ശ്രീ. ശ്രീനിവാസന്റെ പേരിൽ വന്ന ഒരു ആരോപണമാണ്. അതിന്റെ പ്രാഥമികഘട്ടം ഇൻ-ക്യാമറാ സെഷനായി നടത്തിയെങ്കിലും മുഖ്യമന്ത്രിയുടെ ഒരു പൊടിക്കൈ പ്രയോഗത്താൽ ശ്രീ. ശ്രീനിവാസൻ നിഷ്ക്കാസിതനായി. അത് ആ നിയമത്തിന്റെ ഗുണം കൊണ്ടുണ്ടായതല്ല, ശ്രീനിവാസന്റെ കഷ്ടകാലം കൊണ്ടും, മുഖ്യമന്ത്രിയുടെ അന്നത്തെ ആവശ്യം കൊണ്ടും, പാവപ്പെട്ട ശ്രീനിവാസൻ രാജിവച്ച് പോകുകയാണ് ചെയ്തത്.

അതുപോലെ അറിയാതെ ഒരു അബദ്ധത്തിൽ ഉമ്മൻ മാത്യുവും പെട്ടുപോയി. ഇത് രണ്ടും നിയമത്തിന്റെ സ്വഭാവവിശേഷംകൊണ്ടല്ല രാഷ്ട്രീയമായ കാരണങ്ങളാലാണ്. നിയമം ഇന്നും തികച്ചും അപര്യാപ്തമാണ്. സർ, ഈ രാജ്യത്ത് ഏറ്റവും വിലകുറഞ്ഞിരിക്കുന്നത് ഇന്നത്തെ പൊതുപ്രവർത്തകർക്കാണ്. ഞങ്ങളൊക്കെ സ്വാതന്ത്ര്യസമരത്തിലൊക്കെ പങ്കെടുത്തിരുന്ന കാലത്ത് വളരെ ബഹുമാനത്തോടുകൂടിയാണ് നാട്ടുകാർ ഞങ്ങളെ കണ്ടിരുന്നത്. എന്നാൽ ഇന്ന് ഒരു പൊതുപ്രവർത്തകനെന്ന് പറഞ്ഞ് റോഡിലിറങ്ങി നടന്നാൽ ഞങ്ങൾക്ക് അങ്ങേയറ്റം ബഹുമാനമില്ലാതായിരിക്കുന്നു. രാഷ്ട്രീയപ്രവർത്തകനെന്നുപറഞ്ഞാൽ ജനങ്ങളുടെ ഇടയിൽ പുച്ഛവും, അങ്ങേയറ്റം അറപ്പും ഉളവാക്കുന്ന ഒരു സംഭവവികാസമാണ് ഇന്ന് നിത്യേന ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പൊതു പ്രവർത്തകൻമാർ സത്യസന്ധൻമാരല്ലാത്തവരായി മാറിയിട്ടുണ്ട്. പൊതു പ്രവർത്തകർ സത്യസന്ധമായി കാര്യങ്ങളും കൈകാര്യം ചെയ്ത ഒരു രീതിയും നമ്മുടെ നാട്ടിലുണ്ടായിരുന്നിട്ടുണ്ട്. പഴയ തലമുറയെല്ലാം മൺമറഞ്ഞ് പോയിക്കൊണ്ടിരിക്കുകയാണ്. ഞാൻ വളരെ ഹൃദയവേദനയോടുകൂടി പറയുകയാണ്, ഈ ദുഃസ്ഥിതിക്ക് ഒരു മാറ്റം വരുത്തണം. രാഷ്ട്രീയം ഒരു ബിസിനസ്സാക്കിയ കുറെ രാഷ്ട്രീയ കക്ഷികളും ഈ രംഗത്ത് വന്നതാണ് ഇതിന് പ്രധാന കാരണം. ഈ രോഗം അവസാനിപ്പിക്കുക എന്നുള്ള.....

(ചർച്ച തുടരും)

(3) 1985-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ബിൽ

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ഈ നിയമസഭാ സമ്മേളനം തുടങ്ങിയ അന്നു മുതൽ ഈ ബില്ലുമായിട്ട് വരാൻ തുടങ്ങിയതാണ്. എല്ലാദിവസവും മൂന്ന് മിനിട്ട് കിട്ടിയെന്ന് പറയും, പക്ഷേ യാതൊരു ഗുണവും കിട്ടുന്നില്ല. ഒരു ചെറിയ കാര്യത്തിനുവേണ്ടി ശ്രീമതി കമലവും, ഞാനും കൂടി തർക്കമുണ്ടാകേണ്ട കാര്യമുണ്ടോ ? ശ്രീമതി കമലം ഒരു അഡ്ജസ്റ്റ്മെൻറ് ഉണ്ടാക്കുമെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാം. മന്ത്രിക്ക് പറയാനുള്ളത് പറഞ്ഞാൽ മതി. ഞാൻ അഡ്ജസ്റ്റ്മെൻറിന് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly